"ഭരണ ഭാഷ - മാതൃഭാഷ"

# വ്യാവസായിക പരിശീലന വകുപ്പ്

## (കേരള സംസ്ഥാനം)

### <u>നടപടിക്രമം</u>

**(നിലവിൽ : ഡോ: ശ്രീറാം വെങ്കിട്ടരാമൻ ഐഎഎസ്)**

വിഷയം:-വ്യാവസായിക പരിശീലന വകുപ്പ് - അപ്രന്റീസ് ട്രെയിനിംഗ് വിഭാഗം - അപ്രന്റീസ് സീറ്റ് സർവ്വേ - ഐടിഐകളിലെ വാഹനസൗകര്യം ആർഐ സെന്ററുകൾക്ക് കൂടി ലഭ്യമാക്കുന്നത് - ഉത്തരവ് ഭേദഗതി വരുത്തുന്നത്.

**<u>ഉത്തരവ് നമ്പർ: എഫ്1/14397/2018,തീയതി, 12.07.2018</u>**

പരാമർശം:-സ്റ്റേറ്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസറുടെ 27/01/18 ലെ എഫ്1/49167/14 നമ്പർ ഉത്തരവ്.

ആർഐ സെന്ററുകളുടെ സുഗമമായ പ്രവർത്തനങ്ങൾക്കായി പരാമർശ പ്രകാരം ട്രെയിനിംഗ് ഓഫീസർമാർക്ക് തൊട്ടടുത്ത ഐടിഐയിലെ വാഹന സൗകര്യം ലഭ്യമാക്കണമെന്ന് ഉത്തരവായിരുന്നു. അപ്രന്റീസ് ട്രെയിനിംഗ് പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ ആർഐ സെന്ററുകൾക്കും സർവ്വേ നടത്തുന്നതിന് ടാർജറ്റ് നല്കിയിരിക്കുന്നതിനാൽ വാഹന സൗകര്യം നിലവിൽ അത്യന്താപേക്ഷിതമാണ്. ആയതിനാൽ പരാമർശ ഉത്തരവ് ചുവടെ പറയുന്ന രീതിയിൽ ഭേദഗതി വരുത്തുന്നു.

ട്രെയിനിംഗ് ഓഫീസർ/ അസിസ്റ്റന്റ് അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർക്ക് അതാത് ജില്ലയിലെ വാഹന സൗകര്യമുള്ള ഏത് ഐടിഐകളിൽ നിന്നും ഇന്ധനം ഉൾപ്പെടെ വാഹനവും ഡ്രൈവറുടെ സേവനവും പരിശീലനത്തിന് തടസ്സം വരാത്തരീതിയിൽ ബന്ധപ്പെട്ട ഐടിഐ പ്രിൻസിപ്പാൾ വിട്ട് നൽകേണ്ടതാണ്.

ഇതിലേക്കായി ഓരോ മാസവും വാഹനം ആവശ്യമായ തിയതി മുൻകൂറായി ട്രെയിനിങ് ഓഫീസർമാർ ബന്ധപ്പെട്ട ഐ ടി ഐ പ്രിൻസിപ്പൽമാർ അറിയിക്കേണ്ടതാണ്. കൂടാതെ കഴിവതും പൊതു ഗതാഗത സംവിധാനം കുറവുള്ള പ്രദേശങ്ങളിൽ സർവേ നടത്തുവാൻ മാത്രമായി ഈ സംവിധാനം പരിമിതപ്പെടുത്തുക

Sd/-

Dr.Sriram Venkitaraman IAS

ട്രെയിനിംഗ് ഡയറക്ടർ

സ്വീകർത്താവ്

എല്ലാ ട്രെയിനിംഗ് ഓഫീസർമാർക്കും,

അസ്സി. അപ്രന്റീസ്ഷിപ്പ് അഡ്വൈസർമാർക്കും

പകർപ്പ്

എല്ലാ ഐ ടി ഐ പ്രിൻസിപ്പാൾമാർക്കും (വാഹനം ലഭ്യമാക്കുന്നതിലേക്കായി)